**മധുരമായ കുട്ടികളെ – നിങ്ങൾ അതിരാവിലെ ഉണർന്ന് വളരെ സ്നേഹപൂർവം ബാബയ്ക്ക് ഗുഡ് മോർണിംഗ് പറയൂ, ഈ ഓർമ്മയിലൂടെ നിങ്ങൾ സതോപ്രധാനമാകും.**

**ചോദ്യം:–**കൃത്യമായ ഓർമ്മയിലൂടെ ബാബയുടെ കറണ്ട് നേടുന്നതിനായി മുഖ്യമായി ഏത് ഗുണങ്ങൾ ആവശ്യമാണ്?

**ഉത്തരം :–** വളരെ ക്ഷമയോടെ, തിരിച്ചറിവും ഗംഭീരതയോടെയും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ഓർമ്മിക്കുന്നതിലൂടെ ബാബയുടെ കറണ്ട് ലഭിക്കും, ആത്മാവ് സതോപ്രധാനമായി മാറും. ഇപ്പോൾ ബാബയുടെ ഓർമ്മ നിങ്ങളെ അലട്ടികൊണ്ടിരിക്കണം, ബാബയിൽ നിന്ന് വളരെയധികം സമ്പത്താണ് ലഭിക്കുന്നത്, നിങ്ങൾ മുള്ളിൽ നിന്നും പുഷ്പമാകുന്നു, എല്ലാ ദൈവീക ഗുണങ്ങളും വന്നു ചേരുന്നു.

**ഓം ശാന്തി**. ബാബ പറയുന്നു മധുരമായ കുട്ടികളെ തത്വം അർത്ഥം ആത്മാക്കളാകുന്ന നിങ്ങളും ശാന്ത സ്വരൂപമാണ്. ആത്മാക്കളാകുന്ന നിങ്ങൾ എല്ലാവരുടെയും സ്വധർമ്മം ശാന്തിയാണ്. ശാന്തി ധാമത്തിൽ നിന്നും ഇവിടെ വന്ന് ടാക്കി ആകുന്നു. പാർട്ട് അഭിനയിക്കുന്നതിനാണ് ഈ കർമ്മേന്ദ്രിയങ്ങൾ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. ആത്മാവിനു വലിപ്പ ചെറുപ്പമില്ല, ശരീരമാണ് വലുതും ചെറുതുമാകുന്നത്. ബാബ പറയുന്നു ഞാൻ ശരീരധാരി അല്ല. എനിക്ക് സന്മുഖത്ത് കുട്ടികളുമായുള്ള മിലനത്തിനു വരണം. ഏതുപോലെ അച്ഛനിൽ നിന്ന് കുട്ടികൾ ജന്മമെടുക്കുന്നു, എന്നാൽ അവരിങ്ങനെ പറയുകയില്ല ഞാൻ പരാംധാമിൽ നിന്ന് വന്ന് ജന്മമെടുത്തു മാതാപിതാക്കളെ കാണുന്നതിനായി വന്നതാണ്. പുതിയ ആത്മാവ് വരുമ്പോഴും,പഴയ ആത്മാവായാലും ഏതെങ്കിലും ശരീരത്തിൽ പ്രവേശിക്കുമ്പോൾ മാതാപിതാവുമായി മിലനത്തിനായി ഞാൻ വന്നതാണ് എന്ന പറയില്ല. അവർക്ക് സ്വതവേ മാതാവും പിതാവും ലഭിക്കുന്നു. ഇവിടെ ഇത് പുതിയ കാര്യമാണ്. ബാബ പറയുന്നു ഞാൻ പരാംധാമിൽ നിന്ന് കുട്ടികളായ നിങ്ങളുടെ സന്മുഖത്തു വന്നതാണ്. നിങ്ങൾക്ക് ജ്ഞാനം നൽകുന്നു, കാരണം ഞാൻ നോളഡ്ജ് ഫുൾ ആണ്, ജ്ഞാനത്തിന്റെ സാഗരമാണ്, ഞാൻ വരുന്നത് കുട്ടികളായ നിങ്ങളെ പഠിപ്പിക്കുന്നതിനാണ്, രാജയോഗം പഠിപ്പിക്കുകയാണ്.

ഇപ്പോൾ നിങ്ങൾ സംഗമത്തിൽ ആണ്, പിന്നീട് നമ്മുടെ വീട്ടിലേക്ക് പോകണം,അതിനായി തീർച്ചയായും പാവനമാകണം. ഉള്ളിൽ വളരെയധികം സന്തോഷം വേണം. ആഹാ! പരിധിയില്ലാത്ത അച്ഛൻ പറയുന്നു മധുര മധുരമായ കുട്ടികളെ എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ സതോപ്രധാനവും വിശ്വത്തിന്റെ അധികാരിയുമാകും. ബാബ കുട്ടികളെ എത്രമാത്രമാണ് സ്നേഹിക്കുന്നത്. വെറുതെ ടീച്ചറിന്റെ രൂപത്തിൽ പഠിപ്പിച്ചിട്ട് വീട്ടിലേക്ക് പോവുകയല്ല. ഇതാകട്ടെ അച്ഛനുമാണ്, ടീച്ചറുമാണ്. നിങ്ങളെ പഠിപ്പിക്കുന്നു. ഓർമ്മയുടെ യാത്രയും പഠിപ്പിക്കുന്നു. വിശ്വത്തിന്റെ അധികാരി ആക്കുന്ന , പതിതരിൽ നിന്നും പാവനമാക്കുന്ന ബാബയോടു വളരെ സ്നേഹം ഉണ്ടാകണം. അതിരാവിലെ ഉണർന്നു ഏറ്റവുമാദ്യം ശിവബാബയ്ക്ക് ഗുഡ്മോർണിംഗ് പറയണം. കുട്ടികൾ സ്വന്തം ഹൃദയത്തോട് ചോദിക്കണം, നന്നായി അതിരാവിലെ ഉണർന്നു പരിധിയില്ലാത്ത അച്ഛനെ എത്രമാത്രം ഓർമ്മിക്കുന്നുണ്ട്! അതിരാവിലെ ഉണർന്നു ബാബയോട് ഗുഡ്മോർണിംഗ് പറഞ്ഞു, ജ്ഞാന ചിന്തനം ചെയ്തിരുന്നാൽ സന്തോഷത്തിന്റെ അളവ് വർധിക്കും. മുഖ്യമായത് ഓർമ്മയാണ്. ഇതിലൂടെയാണ് ഭാവിയിലേക്ക് വളരെ കനത്ത സമ്പാദ്യം ഉണ്ടാകുന്നത്. കല്പകല്പങ്ങളോളം ഈ സമ്പാദ്യം ഉപയോഗം വരും. നിങ്ങൾ വളരെ ക്ഷമയുള്ളവരായി, ഗംഭീരതയോടെയും തിരിച്ചറിവോടെയും ഓർമ്മിക്കണം. വലിയ കണക്ക് കൂട്ടലിൽ ഞങ്ങൾ ബാബയെ വളരെയധികം ഓർമ്മിക്കുന്നുണ്ട് എന്ന് പറഞ്ഞാലും കൃത്യമായി ഓർമ്മിക്കുന്നതിന് പരിശ്രമം വേണം. ആരാണോ ബാബയെ കൂടുതൽ ഓർമ്മിക്കുന്നത് അവർക്ക് കൂടുതലായി കറണ്ട് ലഭിക്കും, കാരണം ഓർമ്മ ഓർമ്മയുമായി ചേരുന്നു. യോഗവും ജ്ഞാനവും രണ്ടു കാര്യങ്ങളാണ്. യോഗത്തിന്റേതു വളരെ ഭാരിച്ച വിഷയമാണ്. യോഗത്തിലൂടെയാണ് ആത്മാവ് സതോപ്രധാനമാകുന്നത്. ഓർമ്മ ഇല്ലാതെ സതോപ്രധാനമാകുന്നത് അസംഭവ്യമാണ്. നല്ലവണ്ണം സ്നേഹത്തോടെ ഓർമ്മിച്ചാൽ സ്വാഭാവികമായി കറണ്ട് ലഭിക്കും. ആരോഗ്യമുള്ളവരാകും. കറണ്ടിലൂടെ ആയുസ്സ് വർദ്ധിക്കും. കുട്ടികൾ ഓർമ്മിക്കുമ്പോൾ ബാബയും സർച്ച് ലൈറ്റ് നൽകും.

മധുരമായ കുട്ടികൾ ഇത് തീർച്ചയായും ഓർമ്മയിൽ വയ്ക്കണം. ശിവബാബയാണ് നമ്മളെ പഠിപ്പിക്കുന്നത്. ശിവബാബ പതിതാപവാനനാണ്. സത്ഗതി അർത്ഥം സ്വർഗ്ഗത്തിന്റെ രാജ്യാധികാരം തരുന്നു. ബാബ എത്ര മധുരമുള്ളതാണ്. എത്ര സ്നേഹത്തോടെയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. ബാബ ദാദായിലൂടെ നമ്മളെ പഠിപ്പിക്കുന്നു. ബാബ കുട്ടികളെ എത്രമാത്രമാണ് സ്നേഹിക്കുന്നത്, കഷ്ടത ഒന്നും തരുന്നില്ല. എന്നെ

ഓർമ്മിക്കൂ, ചക്രത്തിനെ ഓർമ്മിക്കൂ എന്ന് മാത്രമാണ് പറയുന്നത്. ബാബയുടെ ഓർമ്മയിൽ ഹൃദയം പൂർണ്ണമായും ശീതളമാകണം. ഒരു ബാബയുടെ ഓർമ്മ അലട്ടികൊണ്ടിരിക്കണം, ബാബയിൽ നിന്ന് എത്ര ഭാരിച്ച സമ്പത്താണ് ലഭിക്കുന്നത്. സ്വയത്തെ നോക്കണം നമ്മുക്ക് ബാബയോട് എത്ര സ്നേഹം ഉണ്ട്. നമ്മളിൽ എത്രമാത്രം ദൈവീകഗുണങ്ങൾ ഉണ്ട്! കാരണം കുട്ടികളായ നിങ്ങൾ ഇപ്പോൾ മുള്ളിൽ നിന്നും പുഷ്പമാകുന്നു. എത്രമാത്രം യോഗത്തിലിരിക്കുന്നുവോ അത്രയും മുള്ളിൽ നിന്നും പുഷ്പ്പമാകും, സതോപ്രധാനമായി മാറും. ആരാണോ ധാരാളം മുള്ളുകളെ പുഷ്പമാക്കുന്നതു അവരെയാണ് സത്യമായ സുഗന്ധം നിറഞ്ഞ പുഷ്പമെന്നു വിളിക്കുന്നത്. അവർ ഒരിക്കലും ആരെയും മുള്ള് കൊള്ളിക്കില്ല. ക്രോധം വളരെ വലിയ മുള്ളാണ്. ധാരാളം പേർക്ക് ദുഃഖം നൽകും. ഇപ്പോൾ കുട്ടികളായ നിങ്ങൾ മുള്ളുകളുടെ ലോകത്തിൽ നിന്ന് ദൂരെ വന്ന് കഴിഞ്ഞു, നിങ്ങൾ സംഗമത്തിലാണ്. തോട്ടക്കാരൻ പുഷ്പങ്ങളെ പ്രത്യേകം പാത്രത്തിലാക്കി വയ്ക്കുന്നത് പോലെ, പുഷ്പങ്ങളായ നിങ്ങളെയും ഇപ്പോൾ സംഗമയുഗമാകുന്ന പാത്രത്തിൽ പ്രത്യേകം വച്ചിരിക്കുകയാണ്. പിന്നീട് പുഷ്പങ്ങളായ നിങ്ങൾ സ്വർഗത്തിലേക്ക് പോകും. കലിയുഗത്തിലെ മുള്ളുകൾ ഭസ്മമാകും.

ബാബ പറയുകയാണ് മധുരമായ കുട്ടികളെ അനേകം പേരുടെ മംഗളം ചെയ്യുന്നത്രയും നിങ്ങൾക്ക് പ്രതിഫലം ലഭിക്കും. അനേകർക്ക് വഴി കാണിച്ച് കൊടുത്താൽ അനേകം പേരുടെ ആശീർവ്വാദം ലഭിക്കും. ജ്ഞാന രത്നങ്ങളാൽ സഞ്ചികൾ നിറച്ച് ദാനം ചെയ്യണം. ജ്ഞാന സാഗരൻ നിങ്ങൾക്ക് രത്നങ്ങളുടെ തളികകൾ നിറച്ച് തരുന്നു, ആരാണോ അതിന്റെ ദാനം ചെയ്യുന്നത് അവർ എല്ലാവർക്കും പ്രീയപെട്ടവരാകും. കുട്ടികൾക്ക് ഉള്ളിൽ എത്ര സന്തോഷം ഉണ്ടാകണം. വിവേകമുള്ള കുട്ടികൾ പറയും ഞങ്ങൾ ബാബയിൽ നിന്ന് പൂർണ്ണമായും സമ്പത്ത് നേടും. പൂർണ്ണമായും പഠിച്ചേരും. പ്രാണൻ നൽകുന്ന ബാബയെയാണ് കിട്ടിയിരിക്കുന്നതെന്ന് അറിയാം അതിനാൽ ബാബയോട് കൂടുതൽ സ്നേഹം ഉണ്ടാകും. അങ്ങനെയുള്ള ജ്ഞാനത്തിന്റെ വരദാനങ്ങൾ നൽകുന്നു അതിലൂടെ നമ്മൾ എന്തിൽ നിന്നും എന്താകുന്നു, പാപ്പരിൽ നിന്നും സമ്പന്നനായി ആയിമാറുന്നു. അത്രയ്ക്ക് ഭണ്ഡാരം നിറയ്ക്കുന്നു. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ടോ അത്രയും സ്നേഹം ഉണ്ടാകും, ആകർഷണം വരും. സൂചി ശുദ്ധമാണെങ്കിൽ കാന്തത്തിലേക്ക് ആകർഷിക്കപ്പെടും. ബാബയുടെ ഓർമ്മയിലൂടെ തുരുമ്പ് ഇളകിപ്പോകും. ഒരു ബാബയല്ലാതെ മറ്റാരെയും ഓർമ്മ വരരുത്.

ബാബ മനസിലാക്കിത്തരുന്നു മധുരമായ കുട്ടികളെ തെറ്റുകൾ ചെയ്യരുത്. സ്വദർശന ചക്രധാരിയാകൂ, ലൈറ്റ് ഹൗസ് ആകൂ. സ്വദർശന ചക്രധാരിയാകുന്നതിന്റെ അഭ്യാസം നല്ലവണ്ണം ആകുമ്പോൾ നിങ്ങൾ ജ്ഞാന സാഗരം പോലെ ആകും. വിദ്യാർത്ഥികൾ പഠിച്ച് അധ്യാപകരായി മാറുന്നത് പോലെ. നിങ്ങളുടെ തൊഴിലാണിത്. സർവ്വരെയും സ്വദർശന ചക്രധാരിയാക്കൂ,അപ്പോൾ ചക്രവർത്തി രാജാവും റാണിയുമാകും. ബാബ പറയുന്നത് കുട്ടികൾ ഇല്ലാതെ എനിക്കും അസ്വസ്ഥത തോന്നുന്നു. സമയമാകുമ്പോൾ അസ്വസ്ഥത തോന്നും. ഇനി ഞാൻ ചെല്ലണം. കുട്ടികൾ ഒത്തിരി വിളിച്ചു, വളരെയധികം ദുഃഖിതരാണ്. ദയ തോന്നുമ്പോഴാണ് കുട്ടികളായ നിങ്ങളെ സർവ്വദുഃഖങ്ങളിൽ നിന്ന് മോചിപ്പിക്കാൻ ഞാൻ വരുന്നത്. ഇപ്പോൾ കുട്ടികളായ നിങ്ങൾക്ക് വീട്ടിലേക്ക് പോകണം, അവിടെ നിന്ന് നിങ്ങൾ സ്വതവേ സുഖധാമത്തിലേക്കു പോകും. അവിടെ ഞാൻ നിങ്ങളുടെ കൂടെ വരില്ല. അവസ്ഥയ്ക്കനുസരിച്ച് നിങ്ങളുടെ ആത്മാവ് പോകും.

വളരെ കാലത്തേ വേർപാടിന് ശേഷം തിരിച്ച് കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം: –

1 ) സ്വാഭാവികമായി ബാബയിൽ നിന്ന് കറണ്ട് നേടുന്നതിനായി വളരെ സ്നേഹപൂർവ്വം ബാബയെ ഓർമിക്കണം. ഈ ഓർമ്മ ആരോഗ്യമുള്ളവരാക്കും. കറണ്ട് നേടുന്നതിലൂടെ ആയുസ്സ് വർദ്ധിക്കും. ഓർമ്മയിലൂടെ ബാബയുടെ സെർച്ച് ലൈറ്റ് ലഭിക്കും.

2) തെറ്റുകൾ ഉപേക്ഷിച്ചു സ്വദർശന ചക്രധാരി, ലൈറ്റ് ഹൗസ് ആകണം, ഇതിലൂടെ ജ്ഞാനസാഗരമായി ചക്രവർത്തി രാജാവും റാണിയുമാകും.

**വരദാനം: – സർവ്വർക്കും സന്തോഷ വാർത്ത കേൾപ്പിക്കുന്ന സന്തോഷത്തിന്റെ ഖജനാവുകളാൽ കലവറ സമ്പന്നമായി ഭവിക്കട്ടെ.**

സദാ തന്റെ ഈ സ്വരൂപം മുന്നിൽ വയ്ക്കൂ ഞങ്ങൾ സന്തോഷത്തിന്റെ ഖജനാവിനാൽ കലവറ സമ്പന്നമായവരാണ്. അവിനാശിയായ എണ്ണമറ്റ ഏതൊക്കെ ഖജനാവുകളാണോ കിട്ടിയിട്ടുള്ളത് ആ ഖജനാവുകളെ സ്മൃതിയിൽ കൊണ്ട് വരൂ. ഖാജനാവുകളെ സ്മൃതിയിൽ കൊണ്ട് വരുമ്പോൾ സന്തോഷം ഉണ്ടാകും, എവിടെ സന്തോഷം ഉണ്ടോ അവിടെ സദാ കാലത്തേയ്ക്ക് ദുഃഖം ദൂരെയാകും. ഖജനാവുകളുടെ സ്മൃതിയിലൂടെ ആത്മാവ് ശക്തിശാലിയാകുന്നു, വ്യർത്ഥം സമാപ്തമാകുന്നു. സമ്പന്ന ആത്മാവ് ഒരിക്കലും ചഞ്ചലതയിൽ വരില്ല,അവർ സ്വയം സന്തോഷത്തിലിരിക്കും, മറ്റുള്ളവർക്ക് സന്തോഷ വാർത്ത കേൾപ്പിക്കും.

**സ്ലോഗൻ: – യോഗ്യരാകണമെങ്കിൽ കർമ്മവും യോഗത്തിന്റെയും സന്തുലനം ഉണ്ടാക്കൂ.**

**അവ്യക്ത സൂചന– സങ്കലത്തിന്റെ ശക്തി ശേഖരിച്ച് ശ്രേഷ്ഠ സേവനത്തിനു നിമിത്തമാകൂ.**
സേവനത്തിൽ വാക്കിലൂടെ സന്ദേശം നൽകാൻ സമയവും സമ്പത്തും ചിലവഴിക്കുന്നു ,ചഞ്ചലരാകുന്നു, ക്ഷീണിച്ച് പോകുന്നു. . പക്ഷെ ശ്രേഷ്ഠ സങ്കല്പത്തിന്റെ സേവനത്തിൽ ഇതെല്ലാം സമ്പാദ്യമാകുന്നു. അതിനാൽ ഈ സങ്കല്പ ശക്തി വർധിപ്പിക്കൂ. ദൃഢത നിറഞ്ഞ സങ്കല്പമാണെങ്കിൽ പെട്ടെന്ന് പ്രത്യക്ഷത ഉണ്ടാകും.

**ഡ്രാമയുടെ കുറച്ച് ഗഹനമായ രഹസ്യങ്ങൾ (സന്ദേശ പുത്രിമാരിലൂടെ)**
1) ഈ വിശാലമായ സിനിമയചലച്ചിത്രത്തിൽ (ഡ്രാമ ) അവരവരുടെ പദവിയ്ക്കനുസരിച്ചുള്ള മുഴുവൻ ജീവിതത്തിന്റെ ജ്ഞാനവും പ്രവർത്തികളും ആദ്യം തന്നെ മെർജ് രൂപത്തിൽ ഓരോ മനുഷ്യാത്മാവിലും അടങ്ങിയിട്ടുണ്ട്. ജീവാത്മാവിൽ മുഴുവൻ ജീവിതത്തിന്റെയും തിരിച്ചറിവ് മെർജായിട്ടുള്ളത് ഇമെർജ്ജാകും. ഓരോരുത്തരിലും തന്റെ സമ്പൂർണതയുടെ അവസ്ഥയ്ക്കനുസരിച്ച് തിരിച്ചറിവും പ്രവൃത്തികളും മെർജ് ആയിട്ടുണ്ട്, സമയമാകുമ്പോൾ അത് ഇമെർജ് ആകുന്നു, അതിൽ കൂടി നിങ്ങൾ ഓരോരുത്തരും എല്ലാം അറിയുന്നവർ ആകുന്നു.
2) ഈ വിശാല ചലച്ചിത്രത്തിലെ ഓരോ സെക്കന്റിലെയും പ്രവൃത്തികൾ പുതിയതായത് കാരണം നിങ്ങൾക്കും ഇപ്പോൾ മാത്രമാണ് ഇവിടെ എത്തിയതെന്ന് അനുഭവപ്പെടും. ഓരോ നിമിഷത്തിലെയും പ്രവൃത്തികൾ വ്യത്യസ്തമാണ്, കല്പം മുൻപുള്ള നിമിഷമാണ് ആവർത്തിക്കുന്നത് എങ്കിലും ,പ്രായോഗിക ജീവിതത്തിൽ സംഭവിക്കുമ്പോൾ ആ സമയത്ത് പുതിയതായി അനുഭവപ്പെടും. ഈ തിരിച്ചറിവോടെ മുന്നോട്ട് പോയ്കൊണ്ടിരിക്കൂ. ജ്ഞാനം പ്രാപ്തമാക്കി ഇനി ഞാൻ പോകുകയാണ് എന്നാർക്കും പറയാൻ കഴിയില്ല, വിനാശം സംഭവിക്കാത്തിടത്തോളം എല്ലാം പ്രവൃത്തികളും മുഴുവൻ ജ്ഞാനവും പുതിയതാണ്.
3) ഈ വിശാലമായ ഡ്രാമയുടെ ഭാവി നിശ്ചിതമാണ്. . . , അത് നിശ്ചയമായും ഉണ്ടാക്കിയിട്ടുള്ളതാണ്. ആരെങ്കിലും ഭാവിയെ മാറ്റുന്നതും ഉണ്ടാക്കുന്നതും അവനവന്റെ കൈകളിലാണ്. എന്റെ ശത്രുവും എന്റെ മിത്രവും ഞാനാണ്. ഇപ്പോൾ നിങ്ങൾ വളരെ ആനന്ദദായകരും,മധുരതയുള്ളവരും ആകണം മറ്റുള്ളവരെ ആക്കണം.
4) ഈ വിശാല ചലച്ചിത്രത്തിൽ ഈ സഹനവും ഇപ്പോൾ നിങ്ങൾക്ക് കല്പം മുൻപേയുള്ള മധുരമായ സ്വപ്നമാണ്,നിങ്ങൾക്ക് ഒന്നും സംഭവിക്കുകയില്ല,ആരാണോ നിങ്ങളെ ഉപദ്രവിക്കുന്നത് അവരും പറയും ഞാൻ ഇവരെ ഇത്ര ഉരുപദ്രവിച്ചു, ദുഃഖിപ്പിച്ചു, എന്നിട്ടും ഇവർ ദൈവീക ഏകതയും, പരമോന്നത ഏകതയും ഉള്ള വിജയികളായ പാണ്ഡവരായിരിക്കുന്നു. ഈ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഭാവിയെ ആർക്കും മാറ്റാൻ സാധിക്കില്ല.
5) ഈ വിശാല ചലച്ചിത്രം എത്ര അത്ഭുതകരമാണ് നിങ്ങൾ പ്രത്യക്ഷ പാണ്ഡവരും എത്തിക്കഴിഞ്ഞു , നിങ്ങളുടെ പഴയ ചിത്രങ്ങളും അടയാളങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. പഴയ കടലാസ്സ്, പഴയ ശാസ്ത്രം, ഗീതയുടെ പുസ്തകം ഇവയൊക്കെ സംരക്ഷിച്ച് വയ്ക്കുന്നത് പോലെ. പിന്നീട് അതിന്റെ മഹത്വം കൂടുന്നു. പഴയ വസ്തുക്കൾ അതുപോലെ സൂക്ഷിക്കുമ്പോഴും പുതിയ കണ്ടെത്തലുകൾ ഉണ്ടാകുന്നുണ്ട്. പഴയ ഗീത പ്രായോഗികമായി നടക്കുമ്പോൾ പുതിയത് ക്കണ്ടുപിടിക്കുന്നു. പഴയത് സമാപ്തമാകുമ്പോൾ പുതിയത് സ്ഥാപിക്കും. ഇപ്പോൾ പ്രാക്ടിക്കലായി ജ്ഞാനം ജീവിതത്തിൽ ധാരണ ചെയ്യുമ്പോഴാണ് ദുർഗയും കാളിയുമൊക്കെ ആകുന്നത്. പിന്നീട് പഴയ ജഡചിത്രങ്ങളുടെ വിനാശവും പുതിയ ചൈതന്യ സ്വരൂപങ്ങളുടെ സ്ഥാപനയും നടക്കുന്നു.

6) ഈ വിശാലമായ ചലച്ചിത്രത്തിന്റെ പ്ലാൻ അനുസരിച്ച് സംഗമത്തിലെ മധുരമായ സമയത്തു ചെതന്യ ദൈവീക കുട്ടികളായ നിങ്ങൾ വികാരങ്ങൾക്ക് മേൽ വിജയം പ്രാപ്തമാക്കി വൈകുണ്ഡത്തിന്റെ മധുര മായ ലോട്ടറി പ്രാപ്തമാക്കുന്നു. നിങ്ങളുടെ ഈ വദനം എത്ര ഭാഗ്യദായകമാണ്. ഈ സമയത്ത് നിങ്ങൾ നരനും നാരിയും അവിനാശി ജ്ഞാനത്തിലൂടെ പൂജ്യ യോഗ്യ ദേവത പദവി പ്രാപ്തമാക്കുകയാണ്, ഇതാ ണ് സുന്ദരമായ അത്ഭുതകരമായ സംഗമ സമയത്തിന്റെ അത്ഭുതകരമായ രീതി.

7) ഞാൻ ഏത് അഭിനേതാക്കളെയാണോ അനേകം ആഭരണങ്ങളാൽ അലങ്കരിച്ച് ഈ സൃഷ്ടിയാകുന്ന വേദിയിൽ നൃത്തം ചെയ്യാൻ അയച്ചിരുന്നത് അവർ എങ്ങനെയാണ് അഭിനയിക്കുന്നതെന്നു ഈശ്വരൻ സാക്ഷിയായിരുന്ന് നോക്കുകയാണ്. ഞാൻ എന്റെ ദൈവീക കുട്ടികൾക്ക് സ്വർണ്ണ മണിയും , വെള്ളി മ ണിയും നല്കയിട്ട് പറഞ്ഞു ഈ ആഭരണങ്ങളും അലങ്കാരങ്ങളും അണിഞ്ഞു പ്രസന്നരായി സാക്ഷിയാ യി അഭിനയിക്കുകയും സാക്ഷിയായി ഈ കളിയെ കാണുകയും ചെയ്യണം. കുടുങ്ങരുത് പക്ഷെ അരക ല്പം രാജ്യഭാഗ്യം അനുഭവിച്ച് പിന്നെയുള്ള അരകല്പം തന്റെ രചനയായ മായയിൽ കുടുങ്ങിയവരായി. ഇപ്പോൾ വീണ്ടും ഞാൻ നിങ്ങളോട് പറയുകയാണ് ഈ മായയെ ഉപേക്ഷിക്കൂ. ഈ ജ്ഞാന മാർഗ്ഗത്തി ൽ വികാരി കാര്യങ്ങളിൽ നിന്ന് മാറി നിർവ്വികാരി ആകുന്നതിലൂടെ ആദി മധ്യ അന്ത്യം ദുഃഖങ്ങളിൽ നി ന്നും മോചിതരായി സുഖം പ്രാപ്തമാക്കും.

8)നമ്മളെക്കാൾ ഉയർന്ന അവസ്ഥയുള്ളവരിൽ നിന്ന് എന്തെങ്കിലും ശിക്ഷണം ലഭിച്ചാൽ അത് രഹസ്യം നിറഞ്ഞതാണെന്ന് മനസിലാക്കി അനുസരിക്കുന്നതിലാണ് മംഗളം ഉള്ളത്. അതിന്റെ ആഴത്തിലുള്ള രഹ സ്യം മനസിലാക്കണം തീർച്ചയായും അതിൽ മംഗളം അടങ്ങിയിട്ടുണ്ട്. എനിക്ക് ഇവരിലൂടെ പ്രാപ്തമായ ഈ പോയിന്റ് തീർച്ചയായും ശരിയായതാണ്, അത് വളരെ സന്തോഷത്തോടെ സ്വീകരിക്കണം, എന്നി ലൂടെ ഏതെങ്കിലും തെറ്റ് സംഭവിച്ചാലും ഈ പോയിന്റ് ഓർമ്മ വരുമ്പോൾ സ്വയത്തിനെ തിരുത്തും. അ തുകൊണ്ടു ഏത് ശിക്ഷണം ആണെങ്കിലും നിങ്ങൾ വിശാല ബുദ്ധിയുള്ളവരായി ധാരണ ചെയ്യുന്നതി ലൂടെ നിങ്ങൾക്ക്  ഉന്നതി പ്രാപ്തമാകും.

9) ഇപ്പോൾ നിങ്ങൾ നിത്യവും അന്തർമുഖിയായി യോഗത്തിലിരിക്കണം, അന്തർമുഖിയാകുന്നതിലൂടെ സ്വയത്തെ കാണാൻ കഴിയും. നോക്കുക മാത്രമല്ല പരിവർത്തനം ചെയ്യാൻ സാധിക്കും. ഇതാണ് സർവ്വോത്ത മമായ അവസ്ഥ. ഓരോരുത്തരും അവരവരുടെ സ്ഥിതി അനുസരിച്ച് പുരുഷാർത്ഥികളാണ്, ഒരു പുരു ഷാർത്ഥിയ്ക്കും വേണ്ടി തർക്കിക്കാൻ കഴിയില്ല,കാരണം അവർ തന്റെ സ്ഥിതിയ്ക്കനുസരിച്ചുള്ള പുരു ഷാർത്ഥിയാണ്, അവരുടെ സ്ഥിതി കണ്ടു അവരിൽ നിന്നും ഗുണം എടുക്കണം. ഗുണം എടുക്കാൻ ക ഴിയില്ലെങ്കിൽ അവരെ വിട്ടേക്ക്.

10) നിങ്ങൾ സദാ തന്റെ സർവ്വോത്തമമായ ലക്ഷ്യം മുന്നിൽ വച്ച് ലക്ഷ്യത്തെ മാത്രം കാണൂ. നിങ്ങൾ ഓരോരുത്തരും വ്യക്തിഗത പുരുഷാർത്ഥികളാണ്, നിങ്ങൾ സ്വയത്തിലേക്ക് നോക്കി മുന്നോട്ടു ഓടിക്കൊണ്ടി രിക്കൂ,ആര് എന്ത് ചെയ്തുകൊണ്ടിരുന്നാലും ഞാൻ എന്റെ സ്വരൂപത്തിൽ സ്ഥിതി ചെയ്യും,മറ്റുള്ളവരെ നോക്കില്ല. എന്റെ ബുദ്ധിയിലും യോഗബലത്തിലും കൂടി ഞാൻ അവരുടെ അവസ്ഥ മനസിലാക്കും. അ ന്തർമുഖതയുടെ അവസ്ഥയിലൂടെ നിങ്ങൾക്ക് അനേകം പരീക്ഷകളിൽ ജയിക്കാൻ സാധിക്കും. ഓം ശാ ന്തി